**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3655** **14-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എത്ര റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ 8 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>**(1)മഞ്ചേശ്വരം റെയിൽവേ മേൽപ്പാലം**<br><br>ഈ റെയിൽവേ മേൽപ്പാലം ദേശീയ പാത 66 ൽ സന്ധിക്കുന്നതിനാൽ ടി പാതയുടെ അലൈൻമെന്റിന് അനുയോജ്യമായ രീതിയിൽ റെയിൽവേ മേൽപ്പാലത്തിന്റെ അലൈൻമെന്റ് പുന ക്രമീകരിക്കണമെന്ന് ദേശീയ പാത അതോറിറ്റി നിർദ്ദേശിച്ച പ്രകാരം അലൈൻമെന്റ് പുനഃക്രമീകരിച്ച് അംഗീകാരത്തിനായി ദേശീയപാത അതോറിറ്റി, റെയിൽവേ എന്നിവർക്ക് സമർപ്പിച്ചിട്ടുണ്ട്. 26.05.2022 ന് റെയിൽവേ ജി.എ.ഡി.യ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ദേശീയ പാത അതോറിറ്റി അലൈൻമെൻറ് അന്തിമമായി അംഗീകരിക്കുന്ന മുറയ്ക്ക് ജനറൽ അലൈൻമെൻറ് ഡ്രോയിംഗ് പുതുക്കി തയ്യാറാക്കി റെയിൽവേയുടെ അംഗീകാരത്തിന് സമർപ്പിക്കാനാകു<br><br>**(2)ഹൊസങ്കടി റെയിൽവേ മേൽപ്പാലം**<br><br>പ്രസ്തുത റെയിൽവേ മേൽപ്പാലം ദേശീയപാത 66 ൽ സന്ധിക്കുന്നതിനാൽ ടി പാതയുടെ അലൈൻമെൻറിന് അനുയോജ്യമായ രീതിയിൽ റെയിൽവേ മേൽപ്പാലത്തിന്റെ അലൈൻമെന്റ് പുനക്രമീകരിക്കണമെന്ന് ദേശീയപാത അതോറിറ്റി നിർദ്ദേശിച്ചു. അലൈൻമെന്റ് പുനഃക്രമീകരിക്കുന്നതിന് ടി ഭാഗത്തെ ദേശീയപാതയുടെ അലൈൻമെന്റ് വിവരങ്ങൾ ലഭ്യമാക്കുവാൻ ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത |

റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

**(3)ഉദുമ റെയിൽവേ മേൽപ്പാലം**

ഈ റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച് ഡ്രോയിംഗിന് റെയിൽവേ പ്രാഥമിക അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ അടിപ്പാത നിർമ്മിക്കുന്നതിനുള്ള സാധ്യത പഠനം നടത്തണം എന്ന് റെയിൽവേ അറിയിച്ച സാഹചര്യത്തിൽ സംയുക്ത പരിശോധന നടത്തുന്നതിന് തീയതി അറിയിക്കുവാൻ റെയിൽവേയോട് അപേക്ഷിച്ചിട്ടുണ്ട്.

കൂടാതെ ടി പദ്ധതി സംസ്ഥാന പാതയുടെ മുകളിലൂടെ നിർമ്മിക്കുന്നതിനാൽ NOC ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന് ആർ.ബി.ഡി.സി.കെ. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി സമ്മതപത്രവും റെയിൽവേ അനുമതിയും ലഭിക്കുന്ന മുറയ്ക്ക് ആയത് പ്രകാരമുള്ള ജനറൽ അറേഞ്ച്മെൻറ് ഡ്രോയിംഗ് റെയിൽവേയ്ക്ക് സമർപ്പിച്ച്, അന്തിമാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാനാവുന്നതാണ്.

**4.കോട്ടിക്കുളം റെയിൽവേ മേൽപ്പാലം**

ഈ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിയുടെ ഭൂരിഭാഗവും റെയിൽവേ മുൻപേ ഏറ്റെടുത്തിട്ടുള്ളതാണ്. ടി ഭൂമിയുടെ നഷ്ടപരിഹാരം റെയിൽവേ ആവശ്യപ്പെട്ടിട്ടുള്ളതും, ടി ഭൂമി പ്രതിഫലം നൽകുന്ന മുറക്ക് സംസ്ഥാന സർക്കാരിന് കൈമാറണം എന്ന വ്യവസ്ഥക്ക് വിധേയമായി കിഫ്ബി ആയതിന് അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ റെയിൽവേ ഭൂമി കൈമാറുന്നത് സംബന്ധിച്ചുള്ള അനുമതി ഇതുവരെ നൽകിയിട്ടില്ല.

മേൽപ്പാലത്തിന്റെ നിലവിൽ അംഗീകരിച്ച ജനറൽ അറേഞ്ച്മെൻറ് ഡ്രോയിംഗിൽ നിലവിലുള്ള ഇരട്ടപാതയ്ക്ക് പുറമെ 3ഉം 4 ഉം പാതകൾ നിർമ്മിക്കുന്നതിന് ഉതകുന്ന രീതിയിൽ ഡ്രോയിംഗ് പുതുക്കി നൽകാൻ ആവശ്യപ്പെട്ടിട്ടുള്ളതും, റെയിൽവേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ റെയിൽവേയിൽ നിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്.

**(5) ബീരിച്ചേരി റെയിൽവേ മേൽപ്പാലം,. (6) കുശാൽ നഗർ റെയിൽവേ മേൽപ്പാലം (7) തൃക്കരിപ്പൂർ റെയിൽവേ മേൽപ്പാലം**

| | | | |
|---|---|---|---|
| | | | **(8) ചെറുവത്തൂർ-പടന- ഇടച്ചക്കെ റോഡ് റെയിൽവേ മേൽപ്പാലം**<br><br>ഈ 4 മേൽപ്പാലങ്ങളുടെയും ജി.എ.ഡി. ആർ.ബി.ഡി.സി.കെ. തയ്യാറാക്കി റെയിൽവേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഈ 4 മേൽപ്പാലങ്ങളും സിൽവർ ലൈൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന പ്രദേശത്ത് ഉൾപ്പെട്ടു വരുന്നതിനാൽ ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് കെ.ആർ.ഡി.സി.എസ്.എൽ മായി സംയുക്ത പരിശോധനയ്ക്ക് ശേഷം സമർപ്പിക്കാൻ റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. സംയുക്ത പരിശോധന 08.07.2022 ന് പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ സിൽവർ ലൈൻ അലൈൻമെൻറിന് റെയിൽവേ ബോർഡിന്റെ അന്തിമ അനുമതി ലഭിച്ചതിനുശേഷം മാത്രമേ സിൽവർ ലൈനിൽ വരുന്ന മേൽപ്പാലങ്ങളുടെ ജി.എ.ഡി.യ്ക്ക് അനുമതി നൽകുകയുള്ളൂ എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സിൽവർ ലൈൻ അലൈൻമെന്റിന് റെയിൽവേ ബോർഡിന്റെ അനുമതി ലഭിച്ച ശേഷം മാത്രമെ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ |
| (ബി) | കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തത് കാരണം ഒരു റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം പോലും തുടങ്ങാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി |
| (സി) | ഈ വിഷയത്തിൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കാൻ ഉന്നതതല ഇടപെടൽ നടത്തുന്നത് പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | റെയിൽവേയുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സതേൺ റെയിൽവേ ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. |

സെക്ഷൻ ഓഫീസർ